**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 869** **30-06-2022 - ൽ മറുപടിയ്ക്ക്**

**മങ്കട നിയോജകമണ്ഡലത്തിലെ പട്ടികജാതി വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മഞ്ഞളാംകുഴി അലി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മങ്കട നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗങ്ങൾക്കായി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗങ്ങൾക്കായി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ അപേക്ഷകളും ശുപാർശകളും ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ പരിശോധന നടത്തി മണ്ഡലത്തിൽ നടപ്പിലാക്കുന്നതാണ്. |
| (ബി) | മുൻവർഷം വിവിധ പദ്ധതികളിലായി എത്ര ഗുണഭോക്താക്കൾക്ക് ഈ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികളുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; അർഹതപ്പെട്ട ആർക്കെങ്കിലും ആനുകൂല്യം നിഷേധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 3767 ഗുണഭോക്താക്കൾക്ക് വിവിധ പദ്ധതികളുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. അർഹതയുള്ള ഒരാൾക്കും ആനുകൂല്യം നിഷേധിച്ചിട്ടില്ല. |
| (സി) | നിയോജകമണ്ഡലത്തിലെ അർഹതപ്പെട്ട എല്ലാ പട്ടികജാതി വിഭാഗങ്ങൾക്കും സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യം ലഭിയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | നടപ്പിലാക്കിയ പദ്ധതികൾ |
|---|---|
| 1 | വീട്ടു നിർമ്മിക്കുന്നതിന് ഭൂമി വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്ന പദ്ധതി : 16 പേർക്ക് |
| 2 | ഭവന പൂർത്തീകരണം പദ്ധതി : 33 പേർക്ക് |
| 3 | പഠനമുറി നിർമ്മാണ പദ്ധതി : 27 പേർക്ക് |
| 4 | വിവാഹ ധനസഹായം : 37 പേർക്ക് |
| 5 | ചികിത്സാ ധനസഹായം : 52 പേർക്ക് |
| 6 | കുടുംബത്തിലെ വരുമാനദായകർ മരണപ്പെടുന്നത് മൂലം ദുരിതമനുഭവിക്കുന്നവർക്കുള്ള ധനസഹായം : 10 പേർക്ക് |
| 7 | ദുർബലവിഭാഗം പുനരധിവാസം – ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം : 2 പേർക്ക് |
| 8 | ദുർബലവിഭാഗം പുനരധിവാസം – ഭവന നിർമ്മാണ ധനസഹായം : 2 പേർക്ക്. |
| 9 | ദുർബലവിഭാഗം പുനരധിവാസം – വീട് റിപ്പയർ ധനസഹായം : 1 ആൾക്ക് |
| 10 | ദുർബലവിഭാഗം പുനരധിവാസം – കൃഷിഭൂമി വാങ്ങുന്നതിനുള്ള ധനസഹായം : 1 ആൾക്ക് |
| 11 | ഉയർന്ന കോഴസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പൊതുപരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങി പാസ്സായവർക്കുള്ള ധനസഹായം : 251 പേർക്ക് |
| 12 | ശ്രീഅയ്യങ്കാളി മെമ്മോറിയൽ ടാലൻറ് & സെർച്ച് സ്കീം പ്രകാരമുള്ള സ്കോളർഷിപ്പ് : 38 പേർക്ക് |
| 13 | മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് പരിക്ഷക്ക് കോച്ചിംഗ് നൽകുന്നതിനുള്ള ധനസഹായം : 4 പേർക്ക് . |
| 14 | മങ്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വിവിധ സ്കൂളുകളിലെ അർഹതയുള്ള പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാൻറ്, പ്രൈമറി എഡ്യുക്കേഷൻ എയ്ഡ് ധനസഹായം വിതരണം ചെയ്തു. (1851 കുട്ടികൾക്ക് ലംപ്സം ഗ്രാൻറും, 1442 കുട്ടികൾക്ക് പ്രൈമറി എഡ്യൂക്കേഷൻ എയ്ഡും ) |

സെക്ഷൻ ഓഫീസർ